പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3204 13. 10.11 ൽ മറുപടിയ്ക്ക്

## വികസനത്തിന് ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനായി റോഡ് കണക്ടിവിറ്റിക്കു വേണ്ടി ഏറ്റെടുത്ത വിഴിഞ്ഞം വില്ലേജിലെ സർവ്വെ നമ്പർ 632/2 എൽ.എ.സി.നമ്പർ 43/2010 സ്ഥലത്തിന് നെഗോസിയേഷൻ പ്രകാരമുള്ള തുക നൽകേണ്ടതില്ലെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; | എ | ഇല്ല. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനുവേണ്ടി ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് പ്രകാരം നെഗോസിയേഷൻ നിയമപ്രകാരമാണ് സ്ഥലം ഏറ്റെടുത്തുവരുന്നത്.എന്നാൽ എൽ.എ.സി 43/2010- പ്രകാരം വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14-ൽ റീ സർവ്വേ 653/2 (എൽ.എ.സബ് ഡിവിഷൻ 653/23)-ൽ പ്പെട്ട 00.81 ആർ സ്ഥലം തണ്ടപ്പേർ നമ്പർ 7070 പ്രകാരം ശ്രീമതി രുഗ്മിണി അമ്മ, ശ്രീമതി.രുദ്രായണി അമ്മ, ശ്രീമതി തങ്കം എന്നിവരുടെ പേരിൽ കൂട്ടായി കിടപ്പുള്ളതാണ്. കൈവശ കക്ഷികളിൽ ഒരാളായ ശ്രീമതി.രുദ്രായണി അമ്മ മരണപ്പെടുകയും ടിയാളുടെ അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലുമാണ് പ്രസ്തുത സ്ഥലം പൊന്നും വില നിയമം 31(2) പ്രകാരം അവാർഡ് പാസാക്കി സ്ഥലം ഏറ്റെടുത്ത് ഈ വസ്തു അർത്ഥന അധികാരിക്ക് കൈമാറിയിട്ടുള്ളത്. |
| ബി | പ്രസ്തുത സ്ഥലത്തിന്റെ ഭാഗപത്രം നമ്പർ 75/1977, ഗിഫ്റ്റ് ഡീഡ് നമ്പർ 6543/60 എസ്.ആർ.ഒ. വെങ്ങാനൂർ എന്നീ നമ്പരുകളിലെ ആധാരങ്ങൾ തിരികെ നൽകേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ തിരികെ നൽകാനുള്ള നടപടി സ്വീകരിക്കുമോ ; തിരികെ നൽകാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | ബി | നൽകിയിട്ടില്ല. കൈവശ കക്ഷികൾ പൊന്നുംവില സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ ഹാജരായി ആധാരങ്ങൾ തിരികെ വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ